പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7588 | 17.07.2012 ൽ മറുപടിയ്ക്ക് |
|---|---|

**എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമിയുള്ളതും എംഎൽഎ യുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിലും 31 അംഗനവാടികൾക്ക് അനുമതി നൽകി ക്കഴിഞ്ഞു. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും അംഗീകരിക്കുവാനും അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ ഏജൻസിയെ കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം ഒരു അംഗനവാടിക്ക് ലഭ്യമാകുന്ന ഭൗതിക സൗകര്യങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ; | (ബി) 1475 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടത്തിൽ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന പൗരന്മാർക്കുള്ള പകൽ പരിപാലന ഹാൾ, അമ്മമാർക്കുള്ള മീറ്റിംഗ്ഹാൾ, പ്രതിരോധ കുത്തി വയ്പ്പിനുള്ള സ്ഥലം, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ പദ്ധതി കൂടുതൽ അംഗനവാടിക ളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയി ലുണ്ടോ ? | (സി) ഇക്കാര്യത്തിൽ ആവശ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ